# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 298 06.01.2014-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## സോളാർ കേസിലെ പ്രതിയുടെ മൊഴി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എസ്. ശർമ്മ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സോളാർ തട്ടിപ്പ് കേസ് പ്രതി ശ്രീമതി സരിത എസ്. നായർ എറണാകുളം അഡീഷണൽ ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ നല്കിയ മൊഴി രേഖപ്പെടുത്തിയില്ലെന്ന പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയ ഹൈക്കോടതി വിജിലൻസ് രജിസ്ട്രാറുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; അതിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ | (എ) ടി വിഷയം സംബന്ധിച്ചുള്ള ഹൈക്കോടതി വിജിലൻസ് രജിസ്ട്രാറുടെ അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടില്ല. |
| (ബി) ശ്രീമതി. സരിത എസ് നായർ നല്കിയ 22 പേജുള്ള പരാതി തന്റെ പക്കൽ ഉണ്ടെന്ന വിവരം സരിതയുടെ അഭിഭാഷകനായ അഡ്വക്കേറ്റ് ഫെനി ബാലകൃഷ്ണൻ വെളിപ്പെടുത്തിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; തൽസമയം പ്രസ്തുത പരാതി എന്താണെന്നറിയാനോ; കൈവശപ്പെടുത്താനോ, അന്വേഷണസംഘമോ സർക്കാരോ ശ്രമം നടത്തുകയുണ്ടായോ; വിശദമാക്കാമോ? | (ബി) ജുഡീഷ്യൽ കസ്റ്റഡിയിലുള്ള ഒരു പ്രതി തന്റെ അഡ്വക്കേറ്റുമായി കോടതിയുടെ അനുമതിയോടെ നടത്തുന്ന കമ്മ്യൂണിക്കേഷൻ പിടിച്ചെടുക്കാൻ അന്വേഷണ ഉദ്യോഗസ്ഥന് അധികാരമില്ലാത്തതാണ്. ഇക്കാര്യത്തിൽ തെളിവ് നിയമം 126 -ാം വകുപ്പിന്റെ സംരക്ഷണം അത്തരം കമ്മ്യൂണിക്കേഷന് ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ